എ.പി കുഞ്ഞാമു

# ആദർശവാക്യങ്ങളുടെ ഓർമ

**ഞങ്ങൾ** പഠിക്കുന്ന കാലത്ത് ഫാറൂഖ് കോളേജിൽ മുസ്‌ലിം വിദ്യാർഥികൾക്ക് മതപഠനമുണ്ട്. കോളേജിൽ പഠിച്ച് കുട്ടികൾ വഴിപിഴച്ചുപോകാതിരിക്കാൻ ഈ മതപഠനം സഹായകമായിരിക്കുമെന്ന് രക്ഷിതാക്കൾ വിചാരിച്ചിരിക്കാം. എങ്കിലും കുട്ടികൾക്ക് അതിൽ വലിയ കമ്പമൊന്നും ഉണ്ടായിരുന്നില്ല. പതിവ് ക്ലാസ് തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പാണ് ആഴ്ചയിലൊരു ദിവസം അറബിവകുപ്പിലെ മാഷന്മാർ മതം പഠിപ്പിക്കുക. പല കുട്ടികളും ഈ ക്ലാസ്സുകളിൽനിന്ന് വല്ലവിധേനയും രക്ഷപ്പെടും. എന്നാൽ വി. മുഹമ്മദ് സാഹിബിന്റെ 'റിലീജ്യസ് ഇൻസ്ട്രക്ഷൻ' ക്ലാസ്സുകളെക്കുറിച്ച് മറിച്ചൊരു സമീപനമായിരുന്നു കുട്ടികൾക്ക്. അത് പിടിച്ചിരുത്തുന്ന അനുഭവമാണെന്ന് പലരും പറഞ്ഞുകേട്ടിട്ടുണ്ട്. കുട്ടികൾ ഈ ക്ലാസ്സുകൾ തേടിപ്പോവുകയായിരുന്നു.

ഞാൻ വി.എമ്മിന്റെ 'റിലീജ്യസ് ക്ലാസ്സി'ൽ പങ്കെടുത്തിട്ടില്ല. എന്നെ അറബിയാണ് അദ്ദേഹം പഠിപ്പിച്ചത്. രണ്ടാം ഭാഷയായി അറബി പഠിക്കുന്ന ഞങ്ങളുടെ കൂട്ടത്തിൽ പിൽക്കാലത്ത് അറബി അധ്യാപകരായി പ്രശസ്തരായ പ്രഫ. അഹ്മദ് കുട്ടി ശിവപുരവും ഡോ. എ.ഐ റഹ്മത്തുല്ലയും മറ്റും ഉണ്ടായിരുന്നു. പ്രഫ. വി. മുഹമ്മദ് സാഹിബിന്റെ വ്യാകരണ ക്ലാസ്സുകൾ ഞാനോർക്കുന്നു. അറബി, സംസ്കൃതം തുടങ്ങിയ ക്ലാസിക് ഭാഷകളിലെ വ്യാകരണ ശാസ്ത്രം കീറാമുട്ടിയാണെന്നാണ് പറഞ്ഞുകേട്ടിട്ടുള്ളത്. കോളേജിൽ ചേരുന്നതിനു മുമ്പുള്ള കുട്ടിക്കാലത്ത് നാട്ടിലെ ദർസ് പഠനത്തിനിടയിൽ 'ഇമ്മാ തറയിന്ന'യുടെ അസല് വെച്ചും മറ്റും ഈ കീറാമുട്ടിയോട് ഏറ്റുമുട്ടി പാടുപെട്ട അനുഭവമുണ്ടുതാനും. പക്ഷേ വി.എമ്മിന്റെ വ്യാകരണ ക്ലാസ്സുകൾ 'മധുരമൊരനുഭൂതിയായി' എന്ന മട്ടിലായിരുന്നു. പതിഞ്ഞ ശബ്ദത്തിൽ, ഒഴുക്കുള്ള ഇംഗ്ലീഷിൽ അദ്ദേഹം പറഞ്ഞുകൊണ്ടേയിരിക്കും. ഒരു മണിക്കൂർ കടന്നുപോകുന്നതറിയില്ല. അതോടെ വിരസമായിതോന്നേണ്ട വ്യാകരണനിയമങ്ങൾ നാമറിയാതെ ഹൃദിസ്ഥമാവും. പഠിപ്പിക്കാൻ ഒച്ചയുയർത്തുകയോ നാടകീയത സൃഷ്ടിക്കുകയോ അംഗവിക്ഷേപങ്ങളെ ആശ്രയിക്കുകയോ ഒന്നും വേണ്ടെന്നാണ് വി.എമ്മിൽനിന്ന് ഞാൻ പഠിച്ച ആദ്യപാഠം.

വി. മുഹമ്മദ് സാഹിബ് വ്യാകരണം പഠിപ്പിക്കുന്നതിന് ഒരു പ്രത്യേകതയുണ്ട്. ഖുർആൻ വചനങ്ങൾ ഉദാഹരിച്ചുകൊണ്ടാണ് അദ്ദേഹം വ്യാകരണനിയമങ്ങൾ വിശദീകരിക്കുക. അറബിഭാഷയുടെയും വ്യാകരണത്തിന്റെയും ഏറ്റവും ഉദാത്തമായ പ്രയോഗമാതൃകകൾ ഖുർആനിലാണുള്ളത് എന്നതാവാം അതിന് അദ്ദേഹത്തിന്റെ ന്യായം. അതോടൊപ്പം അദ്ദേഹം കുട്ടികൾക്ക് ഖുർആൻ പരിചയപ്പെടുത്തുക കൂടിയാണ് ചെയ്തത്. വ്യാകരണം പഠിപ്പിക്കുമ്പോൾ പോലും അദ്ദേഹം ഖുർആനിലെ കഥകൾ പറയും. ഖുർആനിലെ മാത്രമല്ല ഹദീസിലെയും ഇസ്‌ലാമിക ചരിത്രത്തിലെയും പല കഥകളും അദ്ദേഹം പറഞ്ഞുപോകുമായിരുന്നു. വ്യാകരണം പഠിപ്പിക്കുന്നതിന്റെ രീതിശാസ്ത്രത്തിലും ചില മൂല്യബോധങ്ങൾ സന്നിവേശിപ്പിക്കുകയായിരുന്നു എന്ന് അന്ന് ഞാൻ മനസ്സിലാക്കിയിരുന്നില്ല. ഇപ്പോൾ അത് തിരിച്ചറിയുമ്പോഴാണ് 'മുതലഖാ'യ 'മഫ്ഊൽ' പഠിപ്പിക്കാൻ വേണ്ടി 'ലാ തുബദ്ദിർ തബ്ദീറൻ' എന്ന ഖുർആൻ വചനത്തെ അദ്ദേഹം ആശ്രയിച്ചതിന്റെ പൊരുൾ പിടികിട്ടുന്നത്. 'ഡോൺട് സ്ക്വാൻഡർ എ സ്ക്വാൻഡറിംഗ്' (Don't Squander a squandering) എന്നാണ് വി.എം പറഞ്ഞു തന്നെ അർഥം. യൂസുഫലിയുടെയും പിക്താളിന്റെയും ഖുർആൻ വിവർത്തനങ്ങളുമായി അദ്ദേഹം വ്യാകരണപാഠങ്ങളിലൂടെ ഞങ്ങളെ പരിചയപ്പെടുത്തി. നിരവധി ഖുർആൻ സൂക്തങ്ങൾ വ്യാകരണപഠനത്തിന്റെ ഭാഗമായി അന്ന് ഞാൻ പഠിച്ചിട്ടുണ്ട്. അവ മനസ്സിലും ജീവിതത്തിലും നിലനിർത്താനായില്ല എന്ന ഇപ്പോഴത്തെ കുറ്റബോധം വേറെ.

രണ്ടാം ഭാഷയോ മതപാഠങ്ങളോ പഠിപ്പിക്കുന്ന ഒരധ്യാപകന് നൽകുന്ന പരിഗണനയായിരുന്നില്ല വി.എമ്മിന് ഫാറൂഖ് കോളേജിലെ വിദ്യാർഥികൾ നൽകിയത്. കാര്യശേഷിയുടെയും അച്ചടക്കത്തിന്റെയും ഗാംഭീര്യത്തിന്റെയും പ്രതീകം പോലെ പ്രഫ. കെ.എ ജലീൽ സാർ കാമ്പസിനു മീതെ അപാരമായ സാന്നിധ്യമായി വിരാജിക്കുന്ന കാലം; വി.എം തന്റെ വിനയമധുരമായ വ്യക്തിത്വത്താൽ കോളേജ് നിറഞ്ഞുനിന്നു. അന്ന് കോട്ടും സൂട്ടുമിട്ട് തികഞ്ഞ പാശ്ചാത്യ വേഷത്തിലാണ് മുഹമ്മദ് സാഹിബ് ക്ലാസ്സിൽ വരിക. ഒരു അറബി അധ്യാപകനിൽനിന്ന് നാം പ്രതീക്ഷിക്കാത്ത വേഷമായിരുന്നു അത്; യാതൊരു തട്ടും തടവുമില്ലാത്ത ഇംഗ്ലീഷിലാണ് സാർ ക്ലാസ്സെടുക്കുക. ഇംഗ്ലീഷ് രീതികളും പ്രയോഗവും വഴി ഒരു 'അറബി മാഷ്'ക്ക് യാതൊരു അപകർഷബോധവും തോന്നേണ്ടതില്ലെന്ന് ധ്വനിപ്പിക്കുകയായിരുന്നുവോ അദ്ദേഹം? ഇംഗ്ലീഷിലൂടെയും മതം പഠിപ്പിക്കാം എന്നദ്ദേഹം തെളിയിച്ചു. അക്കാലത്ത് വി.എമ്മിന് മറ്റൊരു പ്രത്യേകതയുമുണ്ടായിരുന്നു: കോളേജിലെ ഗ്രൂപ്പ് ഫോട്ടോകളിലൊന്നും മൂപ്പരെ കാണുകയില്ല; യാതൊരു രക്ഷയുമില്ലാതെ വരുമ്പോൾ മാത്രമേ പടമെടുക്കാൻ നിന്നുകൊടുക്കൂ. അതിന്റെ ന്യായം ഇന്നും എനിക്ക് പിടികിട്ടിയിട്ടില്ല.

വി.എം എന്ന 'അറബി പ്രഫസർ'ക്കു ചുറ്റും അന്നേ ചില പരിവേഷങ്ങളുണ്ട്. ആരെയും നോവിക്കാതെ സൗമ്യമധുരമായാണ് പെരുമാറ്റമെങ്കിലും 'ടെററാ'യി അനുഭവപ്പെട്ടിരുന്ന അധ്യാപകരേക്കാളും കുട്ടികൾക്ക് പേടി ഈ പുഞ്ചിരിക്കുന്ന പ്രഫസറെയാണ്. വി.എമ്മിന്റെ ചുണ്ടിൽ എപ്പോഴും ഒരു പുഞ്ചിരി ഊറിക്കിടക്കും. ക്ലാസ്സിൽ പാഠമെടുക്കുമ്പോഴും എം.എസ്.എസ് മസ്ജിദിൽ ഖുത്ബ നടത്തുമ്പോഴും സൗഹൃദ സംഭാഷണത്തിലേർപ്പെടുമ്പോഴുമെല്ലാം ഈ പുഞ്ചിരി മുഖത്തുണ്ട്. മരണത്തിനപ്പുറത്തുള്ള മാധുര്യം കാത്ത് ശാന്തമായി

അവസാനയാത്രക്ക് തയാറെടുത്തുനിൽക്കുമ്പോഴും വി.എം പുഞ്ചിരിച്ചുകൊണ്ടേയിരുന്നു. പുഞ്ചിരികൊണ്ടാണ് ലോകത്തിന്റെ തിന്മകളെ അദ്ദേഹം പ്രതിരോധിച്ചത്. വി.എമ്മിന് ക്ലാസ്സിനകത്തെന്നപോലെ പുറത്തും എണ്ണമറ്റ ശിഷ്യന്മാരുണ്ടായതും അവർ അദ്ദേഹത്തിന്റെ ഉപദേശങ്ങൾക്ക് കാതോർത്തിരുന്നതും ആരുടെ നേരെയും വിദ്വേഷത്തിന്റെ കറയില്ലാതെ, സ്നേഹത്തിന്റെ നറുംചിരിയോടെ എല്ലാവരെയും അദ്ദേഹം നോക്കിക്കണ്ടതുമൂലമാണ്. വിനയമായിരുന്നു ആ പെരുമാറ്റത്തിന്റെ അടിസ്ഥാനം.

ഈ വിനയം വി. മുഹമ്മദ് സാഹിബിന്റെ ജീവിതദർശനത്തിന്റെ ഭാഗമായിരുന്നു എന്നാണെന്റെ പക്ഷം. തികഞ്ഞ ശാസ്ത്രബോധമുള്ള വ്യക്തിയായിരുന്നു അദ്ദേഹം. ശാസ്ത്രീയ നേട്ടങ്ങളുടെയും കണ്ടുപിടിത്തങ്ങളുടെയും അടിസ്ഥാനത്തിൽ മതത്തെ വ്യാഖ്യാനിക്കാനും മതവും ശാസ്ത്രവും പരസ്പരവിരുദ്ധമല്ല എന്ന് സ്ഥാപിക്കാനും അദ്ദേഹം യത്നിച്ചു. *ശാസ്ത്രവിചാരം* എന്ന മാസിക ഈ താൽപര്യത്തിന്റെ ഉപോൽപന്നമാണ്. പക്ഷേ, ഓരോ ശാസ്ത്രീയ നേട്ടത്തെക്കുറിച്ചുള്ള ഓർമയും അദ്ദേഹത്തെ കൂടുതൽ വിനയാന്വിതനാക്കുകയാണ് ചെയ്തത്. മനുഷ്യന്റെ സർഗശേഷിയുടെ ഓരോ വിജയവും നമ്മുടെ പരിമിതികളെക്കുറിച്ച് അദ്ദേഹത്തെ ഓർമിപ്പിച്ചു, അതദ്ദേഹത്തെ കൂടുതൽ വിനയാന്വിതനാക്കി.

ഒരിക്കൽ വി.എം പറഞ്ഞത് ഞാനോർക്കുന്നു: ശാസ്ത്രം പുതിയൊരു വസ്തു കണ്ടുപിടിക്കുന്നു എന്ന് വെക്കുക, അല്ലെങ്കിൽ പുതിയൊരറിവ് നേടുന്നു; അപ്പോൾ നാം മനസ്സിലാക്കേണ്ടത് ഈ അറിവ് ഇതേവരെ നമുക്ക് ലഭ്യമല്ലായിരുന്നു എന്നാണ്. അതിനാൽ അറിവ് നേടിയതിൽ അഹങ്കരിക്കുകയല്ല, ഈ അറിവ് ഇതേവരെ കിട്ടിയില്ലല്ലോ എന്നോർത്ത് വിനയം പുലർത്തുകയും അത് നൽകിയതിൽ ദൈവത്തിന് നന്ദി പറയുകയുമാണ് വേണ്ടത്. ഈ ബോധമുൾക്കൊണ്ടതിനാലാണ് വി.എം കൂടുതൽ കൂടുതൽ വിനയശാലിയായതും പൊങ്ങച്ച പ്രകടനങ്ങളെ എതിർത്തതും. ഒരിക്കലദ്ദേഹം ഞങ്ങളോട് പറഞ്ഞു: ഒരു മാങ്ങയണ്ടി കുഴിച്ചിട്ട് മാവു മുളപൊട്ടി വളരുമ്പോൾ നാം മനസ്സിലാക്കേണ്ടത് മാങ്ങയണ്ടിയിൽനിന്ന് മാവുണ്ടാവും എന്ന സാധ്യതയെക്കുറിച്ച് മാത്രമല്ല, പിലാവും തെങ്ങും മറ്റു മരങ്ങളും മുളക്കുകയില്ല എന്ന പരിമിതിയെക്കുറിച്ച് കൂടിയാണ്. മനുഷ്യന്റെ പരിമിതികളെക്കുറിച്ചും ദൈവത്തിന്റെ പരംപൊരുളിനെക്കുറിച്ചുമാണ് അദ്ദേഹം അന്നും പിന്നീടും പഠിപ്പിച്ചത്.

തുടർന്ന് പഠിക്കാൻ ഇംഗ്ലീഷ് തെരഞ്ഞെടുത്തപ്പോൾ വിഎമ്മുമായുള്ള എന്റെ നിത്യബന്ധത്തിന്റെ കണ്ണിയറ്റുപോയി. പിന്നീട് ഞാൻ തെരഞ്ഞെടുത്ത വഴികൾ വേറെ. അദ്ദേഹം എം.എസ്.എസ്സിന്റെ ജനറൽ സെക്രട്ടറിയും പ്രസിഡന്റുമായെത്തിയപ്പോഴാണ് ആ ബന്ധം വീണ്ടും സുദൃഢമാകുന്നത്. എം.എസ്.എസ് പള്ളിയിൽ എല്ലാ ആഴ്ചകളിലും ഞാൻ അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾക്ക് കാതോർത്തു. അറബി ക്ലാസ്സുകളിൽ പതിറ്റാണ്ടുകൾക്കു മുമ്പ് കേട്ട അതേ ശബ്ദം, അതേ ഒഴുക്ക്, വാക്കുകൾക്ക് യാതൊരു ക്ഷാമവുമില്ല. പഴയ പോലെത്തന്നെ മനസ്സിലേക്ക് ആഴ്ന്നിറങ്ങുന്ന കഥകൾ, ജീവൻ തുടിക്കുന്ന ഉദാഹരണങ്ങൾ. ഇത്ര അനർഗളസുന്ദരമായി ഇംഗ്ലീഷും മലയാളവും സംസാരിക്കാൻ ഈ അറബി പ്രഫസർക്കുള്ള ശേഷി എന്നെ അമ്പരപ്പിച്ചുകൊണ്ടേയിരുന്നു.

എം.എസ്.എസ്സിന്റെ തുടക്കകാലത്ത് അദ്ദേഹം നേതൃനിരയിൽ ഇല്ല. കക്ഷികളിലും സംഘടനകളിലും ചേരാൻ തൽപരനല്ലായിരുന്നു വി.എം. എന്നാൽ പിന്നീടദ്ദേഹം സംഘടനാ ഭാരവാഹിയായി. അതിന്റെ പൊരുൾ എനിക്ക് പിടികിട്ടിയിരുന്നില്ല. ഏതായാലും ഒന്നു തീർച്ച; എം.എസ്.എസ്സിനെ അതിന്റെ ആശയസ്ഥൈര്യത്തിൽ ഉറപ്പിച്ചുനിർത്തുകയും സംഘടനക്ക് ദിശാബോധമുണ്ടാക്കിക്കൊടുക്കുകയും ചെയ്യുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് ചെറുതല്ല. ആർഭാടങ്ങൾക്കും അനാചാരങ്ങൾക്കുമെതിരായി നിലകൊള്ളാൻ എം.എസ്.എസ്സിനെ പ്രാപ്തമാക്കിയതിൽ വി.എമ്മിന്റെ കടുത്ത ആർഭാടവിരോധത്തിനു കൂടി നല്ല പങ്കുണ്ട്. സംഘടന ഇപ്പോഴും പ്രചോദനം തേടുന്നതും നേടുന്നതും ലാളിത്യത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ആശയങ്ങളിൽനിന്നാണുതാനും.

വി.മുഹമ്മദ് സാഹിബിന് വിപുലമായ ഒരു സുഹൃദ് വൃന്ദമുണ്ട്. മിക്കവാറും പേർ അദ്ദേഹത്തിന്റെ ശിഷ്യന്മാരും ശിഷ്യകളും. അവരെല്ലാം അദ്ദേഹത്തോട് ഉപദേശങ്ങൾ തേടി. ഖുത്ബ കഴിഞ്ഞ് പുറത്തിറങ്ങുമ്പോൾ അദ്ദേഹത്തിനു ചുറ്റും ആളുകൾ കൂടും; ഉപദേശങ്ങൾ, ആശ്വാസവാക്കുകൾ, സ്നേഹാന്വേഷണങ്ങൾ. എല്ലാവർക്കു നേരെയും അദ്ദേഹം സ്നേഹത്തിന്റെ കൈനീട്ടി. ഞങ്ങൾ, വേണ്ടത്ര വിവേകമില്ലാത്ത ചിലർ അപ്പോൾ സംശയിച്ചു; വി.എം ഒരു 'കൾട്ട് ഫിഗറാ'വുകയാണോ? അതു പറഞ്ഞ് തർക്കിച്ചപ്പോഴും അദ്ദേഹം ക്ഷോഭിച്ചില്ല. വിനയമധുരമായ പുഞ്ചിരിയായിരുന്നു മറുപടി; എല്ലാ കന്മഷങ്ങളും മായ്ക്കുന്ന ചിരി.

മാസങ്ങൾക്കു മുമ്പ് എന്റെ ജ്യേഷ്ഠന്റെ മകൻ ഇളം പ്രായത്തിൽ ഒരു വാഹനാപകടത്തിൽ മരിച്ചപ്പോൾ വി.എം എന്നെ ഫോണിൽ വിളിച്ചു. ക്രിസ്ത്യൻ കോളേജിൽ പഠിക്കുകയും പി.ഡബ്ലിയു.ഡിയിൽ ജോലിയെടുക്കുകയും ചെയ്ത ഇക്കാക്കയെ മൂപ്പർക്ക് പരിചയമുണ്ടായിരുന്നില്ല. എന്നിട്ടും എന്നോട് നമ്പർ വാങ്ങി അദ്ദേഹം ഇക്കാക്കയെ വിളിച്ച് ആശ്വസിപ്പിച്ചു. അപകടമരണം രക്തസാക്ഷിത്വമാണെന്നാണ് അന്ന് വി.എം പറഞ്ഞത്. ഇതേപോലെ നിരവധി പേരെ അദ്ദേഹം ആശ്വസിപ്പിക്കുകയും സാന്ത്വനപ്പെടുത്തുകയും ചെയ്യാറുണ്ടായിരുന്നു. ഇപ്പോൾ വി.എം അപകടത്തിൽപെട്ട് മരിച്ചപ്പോൾ ഇതു പറഞ്ഞാണോ നാം ആശ്വസിക്കേണ്ടത്?

*ലാ തുബദ്ദിർ തബ്ദീറൻ*... എന്ന് വ്യാകരണപഠനത്തിന്റെ ഭാഗമായി അദ്ദേഹം പഠിപ്പിച്ചു; ധൂർത്ത് പാടില്ലെന്ന്, മിതവ്യയം വേണമെന്ന്. ഇതൊരു ആകസ്മികത അല്ലായിരുന്നുവെന്ന് ഞാൻ തിരിച്ചറിയുന്നു. വി.എമ്മിന്റെ ആദർശവാക്യമായിരുന്നു അത്. മറ്റൊരു ആദർശവാക്യം കൂടി ഖുത്ബകളിൽ അദ്ദേഹം പറയുമായിരുന്നു; *വലാ തഫർറഖൂ*- ഭിന്നിക്കരുത്. സംഘടനകൾക്കതീതമായ ഐക്യത്തെപ്പറ്റിയാണ് അദ്ദേഹം നിരന്തരം ഓർമിപ്പിച്ചത്. അതിനാൽ വി. മുഹമ്മദ് സാഹിബ് നമ്മെ സംബന്ധിച്ചേടത്തോളം ഈ ആശയങ്ങളുടെ ഓർമകളായിത്തീർന്നേ പറ്റൂ. ■